2025
NOVEMBER
22
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## റഷ്യയിൽ നിന്നുള്ള എണ്ണ ഇറക്കുമതി പൂർണമായി അവസാനിപ്പിച്ച് അംബാനി

**മുംബൈ:** റഷ്യയിൽ നിന്നുള്ള എണ്ണ ഇറക്കുമതി പൂർണമായി അവസാനിപ്പിച്ചെന്ന് വ്യക്തമാക്കി ശതകോടീശ്വരൻ മുകേഷ് അംബാനി നയിക്കുന്ന റിലയൻസ് ഇൻഡസ്ട്രീസ്. റിലയൻസിന്റെ ഗുജറാത്തിലെ ജാം നഗറിലുള്ള റിഫൈനറിയിൽ ഇനിമുതൽ റഷ്യൻ എണ്ണയ്ക്കുപകരം ഗൾഫ് മേഖലയിൽ നിന്നുംമറ്റുമുള്ള ബദൽ എണ്ണയായിരിക്കും ഉപയോഗിക്കുക.

ലോകത്തെ തന്നെ ഏറ്റവും വലിയ എണ്ണ സംസ്കരണശാലയാണ് റിലയൻസിന് കീഴിൽ ജാംനഗറിലുള്ളത്. യൂറോപ്പ്, യുഎസ്, മറ്റ് ചില രാഷ്ട്രങ്ങൾ എന്നിവിടങ്ങളിലേക്കുള്ള കയറ്റുമതിയിൽ ഊന്നിയാണ് റിഫൈനറിയുടെ പ്രവർത്തനം. നവംബർ 20നകം തന്നെ റഷ്യൻ എണ്ണയുടെ ഇറക്കുമതി അവസാനിപ്പിച്ചെന്നും ഡിസംബർ ഒന്നുമുതൽ ജാംനഗറിൽ നിന്നുള്ള കയറ്റുമതി പൂർണമായും റഷ്യൻ ഇതര എണ്ണയുടേതാകുമെന്നും റിലയൻസ് അധികൃതർ പറഞ്ഞു.

ജാംനഗറിലെ പ്രത്യേക സാമ്പത്തിക മേഖലയിലാണ് (സെസ്) പ്രതിദിനം 14 ലക്ഷം ബാരൽ സംസ്കരണശേഷിയുള്ള റിലയൻസിന്റെ റിഫൈനറി. ഇതു പൂർണമായും കയറ്റുമതിക്കുള്ളതാണ്. ഒപ്പം, ആഭ്യന്തര വിപണിയിലെ വിതരണം ലക്ഷ്യമിട്ടുള്ള പ്ലാന്റും പ്രവർത്തിക്കുന്നുണ്ട്. യുഎസ്, യൂറോപ്യൻ യൂണിയൻ എന്നിവയുടെ ചട്ടങ്ങളെ എന്നും പാലിച്ചിട്ടുള്ള ചരിത്രമാണ് റിലയൻസ് ഇൻഡസ്ട്രീസിനുള്ളതെന്നും റഷ്യൻ എണ്ണയുടെ വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാടിനൊപ്പം കമ്പനി നിൽക്കുമെന്നും അധികൃതർ അഭിപ്രായപ്പെട്ടു.

ഇന്ത്യയിലേക്ക് ഏറ്റവുമധികം റഷ്യൻ എണ്ണ ഇറക്കുമതി ചെയ്തിരുന്നത് റിലയൻസ് ഇൻഡസ്ട്രീസ് ആയിരുന്നു. യുഎസ് പ്രസിഡന്റ് ട്രംപ് റഷ്യൻ എണ്ണക്കമ്പനികളായ ലൂക്കോയിൽ, റോസ്നെഫ്റ്റ് എന്നിവയ്ക്ക് ഉപരോധം പ്രഖ്യാപിച്ചതിന് പിന്നാലെ പൊതുമേഖയിൽ നിന്ന് ഉൾപ്പെടെയുള്ള ഇന്ത്യൻ കമ്പനികൾ റഷ്യൻ എണ്ണ ഇറക്കുമതി അവസാനിപ്പിച്ചിട്ടുണ്ട്. നേരത്തേയുള്ള കരാർ പ്രകാരമുള്ള എണ്ണമാത്രമാണ് നിലവിൽ എത്തുന്നത്.

റോസ്നെഫ്റ്റുമായി റിലയൻസിന് പ്രതിദിനം 5 ലക്ഷം ബാരൽ വീതം എണ്ണ ഇറക്കുമതി ചെയ്യാൻ കരാർ ഉണ്ടായിരുന്നു. ഉപരോധ പശ്ചാത്തലത്തിൽ കരാർ അനുസരിച്ചുള്ള ഇറക്കുമതിയും നടത്തില്ലെന്ന് റിലയൻസ് നേരത്തേ വ്യക്തമാക്കിയിരുന്നു. ഇറക്കുമതി ചെയ്യുന്ന ക്രൂഡ് ഓയിൽ സംസ്കരിച്ച് പെട്രോൾ, ഡീസൽ, വിമാന ഇന്ധനം തുടങ്ങിയ ഉപോൽപന്നങ്ങളാക്കി കയറ്റുമതി ചെയ്യുകയാണ് ജാംനഗർ റിഫൈനറിയിലൂടെ റിലയൻസ് നടത്തുന്നത്.

## ആഗോള നിക്ഷേപകരെ ആകർഷിക്കാൻ യുഎഇയുടെ ദേശീയ നിക്ഷേപ ഫണ്ട്

**ദുബായ്:** ആഗോള നിക്ഷേപകരെ ആകർഷിക്കുന്നതിന് യുഎഇ ദേശീയ നിക്ഷേപ ഫണ്ട് സംരംഭം തുടങ്ങുന്നു. ദുബായ് എയർ ഷോയുടെ ഭാഗമായി ചേർന്ന മന്ത്രിസഭ യോഗത്തിൽ യുഎഇ വൈസ് പ്രസിഡൻറും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ആണ് ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്.

പ്രാരംഭ ഘട്ടത്തിൽ 3670 കോടി ദിർഹമിന്റെ മൂലധനം പദ്ധതിയിൽ നിക്ഷേപിക്കും. ആകർഷകമായ സാമ്പത്തിക പാക്കേജുകൾ വഴി രാജ്യത്തേക്ക് നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്ഡിഐ) പ്രോത്സാഹിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

അതുവഴി 2031ഓടെ വാർഷിക എഫ്.ഡി.ഐ നിക്ഷേപം 115 ശതകോടി ദിർഹമിൽ നിന്ന് 240 ശതകോടിയായി വർധിപ്പിക്കും. ഇതേ വർഷം തന്നെ മൊത്തം നീക്കിയിരിപ്പ് 800 ശതകോടിയിൽ 2.2 ലക്ഷം കോടി ദിർഹമായി ഉയർത്തും.

## കേരളത്തിലെ എസ്ഐആർ നടപടികൾക്ക് സ്റ്റേയില്ല

**ന്യൂഡൽഹി:** കേരളത്തിലെ സമഗ്ര വോട്ടർപട്ടിക പരിഷ്ക്കരണ (എസ്ഐആർ) നടപടികൾക്ക് സ്റ്റേയില്ല. തിരഞ്ഞെടുപ്പ് കമ്മിഷനോട് സുപ്രീംകോടതി വിശദീകരണം തേടി. ഈ മാസം 26ന് ഹർജികൾ വീണ്ടും പരിഗണിക്കും. കേരളത്തിലെ വിവിധ രാഷ്ട്രീയ പാർട്ടികൾ എസ്ഐആറിനെതിരെ കോടതിയെ സമീപിച്ചിരുന്നു.

തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ എസ്ഐആർ നടപടികൾ മാറ്റിവയ്ക്കണമെന്നാണ് കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ ആവശ്യം. തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ നവംബർ 26ന് ഹർജികൾ പരിഗണിക്കാമെന്ന് കോടതി അറിയിച്ചു.

## ദുബായ് എയർഷോയിൽ ശ്രദ്ധേയ സാന്നിധ്യമായി കേരളത്തിൽ നിന്നുള്ള കമ്പനികൾ

**ദുബായ്:** ദുബായ് എയർഷോയിൽ സജീവ സാന്നിധ്യമറിയിച്ച് കേരളത്തിൽ നിന്നുള്ള രണ്ട് കമ്പനികൾ. ദുബായ് വേൾഡ് സെൻട്രലിൽ നടക്കുന്ന എയർഷോയിലെ യുഎഇ സ്പേസ് ഏജൻസി പവിലിയനിലാണ് തിരുവനന്തപുരം ടെക്നോ പാർക്കിൽ നിന്നുള്ള ജെൻ റോബോട്ടിക്സ്, ഹെക്സ്20 എന്നീ കമ്പനികൾ പങ്കെടുക്കുന്നത്.

ആഗോളതലത്തിൽ ബഹിരാകാശ സാങ്കേതിക രംഗത്തെ മികച്ച സാധ്യതകളാണ് രണ്ട് കമ്പനികളും എയർഷോയിൽ പരിചയപ്പെടുത്തുന്നത്. ഭാവിയിൽ മനുഷ്യൻ ബഹിരാകാശ രംഗത്ത് നടത്തുന്ന പര്യവേക്ഷണവും ബഹിരാകാശ പേടക നിർമാണ വൈദഗ്ധ്യവുമാണ് ഹെക്സ്20 പ്രദർശനത്തിലൂടെ പരിചയപ്പെടുത്തുന്നത്.



എമിറേറ്റ്സ് ആസ്റ്ററോയിഡ് ബെൽറ്റ് എക്സ്പ്ലോറേഷൻ പ്രോഗ്രാമിനായി സൗരയൂഥ സംബന്ധമായ നിർണായ സാങ്കേതിക വിദ്യകൾ കേരളത്തിൽ നിന്നുള്ള ഇരുകമ്പനികളും വികസിപ്പിക്കും.

നിർമിതബുദ്ധിയുടെ സഹായത്തിൽ സൗരയൂഥത്തിൽ പുതിയ പേടകങ്ങൾ വിക്ഷേപിക്കുന്നതും ഉപയോഗശൂന്യമായവ നീക്കം ചെയ്യുന്നതുമായ പ്രവർത്തനങ്ങൾ നടത്തും. ബഹിരാകാശ സൗകര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പുതിയ പേടകങ്ങൾ പര്യവേക്ഷണം ചെയ്യാനുള്ള സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുകയാണ് ജെൻ റോബോട്ടിക്സ്, ഹെക്സ്20 സംരംഭകരുടെ പ്രധാന ലക്ഷ്യം.

എയ്റോസ്പേസ് ആൻഡ് ഡിഫൻസ്, ക്ലീൻടെക് റോബോട്ടിക്സ്, മെഡിക്കൽ ആൻഡ് മൊബിലിറ്റി റോബോട്ടിക്സ്, ജനറൽ പർപ്പസ് റോബോട്ടിക്സ്, ഓയിൽ ആൻഡ് ഗ്യാസ് റോബോട്ടിക്സ് എന്നീ അഞ്ച് പ്രധാന മേഖലകളിലായി നൂതന റോബോട്ടിക് പ്രവർത്തനങ്ങൾ നടത്തുന്ന ഒരു ആഗോള ഡീപ് എയ്റോസ്പേസ് ആൻഡ് ഡിഫൻസ് ഉപഗ്രഹ സേവനത്തിനും ഭ്രമണപഥത്തിലെ അറ്റകുറ്റപ്പണികൾക്കുമായി രൂപകൽപ്പന ചെയ്തിരിക്കുന്നതുമാണിത്.

പര്യവേക്ഷണം, ഭൂപ്രദേശ വിശകലനം, മൾട്ടി മിഷൻ പ്രവർത്തനങ്ങൾ എന്നിവ നടത്താൻ കഴിവുള്ള സ്വയംഭരണ ബഹിരാകാശ റോവർ പ്ലാറ്റ്ഫോമുകളും കമ്പനി നിർമ്മിക്കുന്നുണ്ട്.

മാൻഹോളുകൾക്കും സീവേജ് അറ്റകുറ്റപ്പണികൾക്കുമുള്ള ലോകത്തിലെ ആദ്യത്തെ റോബോട്ടിക് സംവിധാനമുള്ള കമ്പനികൂടിയാണ് ജെൻ റോബോട്ടിക്സ്.

തത്സമയ ട്രാക്കിങ്, വിശകലനം, ഓട്ടോമേറ്റഡ് റിപ്പോർട്ട് ജനറേഷൻ എന്നിവ നൽകുന്ന കമ്പനിയുടെ ഓൺ ഫീൽഡ് റോബോട്ടിക് മോണിറ്ററിംഗ് പ്ലാറ്റ്ഫോമായ ജി ക്രോയും ഇതിന്റെ ഭാഗമാണ്. മെഡിക്കൽ രംഗത്തും റോബോട്ടിക്ക്സ് സാങ്കേതിക പ്രവർത്തനങ്ങൾ നടത്താൻ പര്യാപ്തമായ കമ്പനികൂടിയാണിത്. ഓയിൽ ആൻഡ് ഗ്യാസ് റോബോട്ടിക്സ് പ്രവർത്തനങ്ങളുടെ ഭാഗമായി എണ്ണ ടാങ്ക് വൃത്തിയാക്കുന്നതിനുള്ള ഒരു പ്രത്യേക റോബോട്ടിക് സംവിധാനവും ജെൻ റോബോട്ടിക്സ് വികസിപ്പിച്ചെടുത്തിട്ടുണ്ട്.



### അപകടത്തിനും സ്നേഹത്തെ തോൽപ്പിക്കാനായില്ല;

# ആവണിക്കും ഷാരോണിനും ആശുപത്രിയുടെ അത്യാഹിത വിഭാഗത്തിൽ മാംഗല്യം

**കൊച്ചി:** അപ്രതീക്ഷിതമായി കടന്നെത്തിയ അപകടത്തിന്റെ നൊമ്പരങ്ങൾക്ക് ആവണിയുടെയും ഷാരോണിന്റെയും സ്നേഹത്തെ തോൽപ്പിക്കാനായില്ല. വിവാഹദിനത്തിൽ അപകടത്തിൽപെട്ട ആവണിക്ക് വിപിഎസ് ലേക്ഷോർ ആശുപത്രിയുടെ അത്യാഹിതവിഭാഗം കതിർമണ്ഡപമായി. അനുഗ്രഹങ്ങളും പ്രാർഥനകളും ചൊരിഞ്ഞ് ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും അടുത്ത ബന്ധുക്കളും സാക്ഷികളായി. വിവാഹവുമായി മുന്നോട്ട് പോകണമെന്ന ആഗ്രഹം കുടുംബം വ്യക്തമാക്കിയത് അനുസരിച്ച് അതിനുള്ള സൗകര്യം ആശുപത്രി അധികൃതർ ചെയ്യുകയായിരുന്നു. ജീവിതത്തിലെ സുപ്രധാന ദിനത്തിൽ അവിചാരിതമായാണ് ആവണിക്ക് അപകടം സംഭവിച്ചത്.

ഈ ഘട്ടത്തിൽ അവരുടെ ആഗ്രഹത്തിനും മാനുഷിക പരിഗണനക്കും മൂല്യം നൽകിയാണ് അത്യാഹിത വിഭാഗത്തിൽ തന്നെ വിവാഹം നടത്താനുള്ള അവസരം നൽകിയത്. ആലപ്പുഴ കൊമ്മാടി മുത്തലശ്ശേരി വീട്ടിൽ എം. ജഗദീഷ് ജ്യോതി ദമ്പതികളുടെ മകളും ചേർത്തല ബിഷപ്പ് മൂർ സ്കൂൾ അധ്യാപികയുമായ ആവണിയുടെയും തുമ്പോളി വളപ്പിൽ വീട്ടിൽ മനുമോൻ രശ്മി ദമ്പതികളുടെ മകനും ചേർത്തല കെ.വി.എം കോളജ് ഓഫ് എഞ്ചിനിയറിങ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയിലെ അസി. പ്രഫസറുമായ വി.എം. ഷാരോണും തമ്മിലുള്ള വിവാഹം വെള്ളിയാഴ്ച ഉച്ചക്ക് തുമ്പോളിയിലായിരുന്നു നിശ്ചയിച്ചിരുന്നത്. പുലർച്ചെ മൂന്ന് മണിയോടെ മേയ്ക്കപ്പിനായി വധുവും കുടുംബാംഗങ്ങളായ അനന്ദു, ജയനമ എന്നിവരും കുമരകത്തേക്ക് പോകുമ്പോഴായിരുന്നു അപകടം.



നിയന്ത്രണം വിട്ട കാർ മരത്തിലിടിച്ച് കയറുകയായിരുന്നു. നാട്ടുകാർ ഇവരെ കോട്ടയം മെഡിക്കൽ കോളജിൽ എത്തിച്ചെങ്കിലും നട്ടെല്ലിനേറ്റ പരിക്ക് ഗുരുതരമായതിനാൽ ആവണിയെ വിദഗ്ധ ചികിത്സക്കായി 12 മണിയോടെ എറണാകുളം വിപിഎസ് ലേക്ഷോർ ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു. വിവരമറിഞ്ഞ് വരൻ ഷാരോണും കുടുംബവും ഒപ്പമെത്തി. നിശ്ചയിച്ച മുഹൂർത്തത്തിൽ തന്നെ വിവാഹം നടത്തണമെന്ന ഇരുകുടുംബങ്ങളുടെയും ആഗ്രഹം ആശുപത്രി അധികൃതരെ അറിയിച്ചു. 12.15നും 12.30നും ഇടയിലായിരുന്നു മുഹൂർത്തം. ഡോക്ടർമാരുമായി കൂടിയാലോചിച്ച് ആശുപത്രി അധികൃതർ അത്യാഹിത വിഭാഗത്തിൽ തന്നെ വരന് താലി കെട്ടാനുള്ള സൗകര്യമൊരുക്കി. രോഗിക്ക് ഒരുബുദ്ധിമുട്ടുമുണ്ടാകാത്ത വിധത്തിൽ അത്യാഹിത വിഭാഗത്തിലാണ് വിവാഹം നടന്നത്. ആവണിയുടെ നട്ടെല്ലിന് ഗുരുതര പരിക്കേറ്റിട്ടുണ്ടെന്നും ശസ്ത്രക്രിയ ഉടൻ നടക്കുമെന്നും ന്യൂറോ സർജറി വിഭാഗം മേധാവി ഡോ. സുദീഷ് കരുണാകരൻ പറഞ്ഞു.

# ജെ.എസ്.എസിന്റെ രജിസ്ട്രേഷൻ റദ്ദാക്കിയ നടപടി ഹൈക്കോടതി സ്റ്റേ ചെയ്തു

**കൊച്ചി:** ജനാധിപത്യ സംരക്ഷണ സമിതിയുടെ (ജെ.എസ്.എസ്) രജിസ്ട്രേഷൻ നടപടി റദ്ദാക്കിയ ഇലക്ഷൻ കമ്മീഷന്റെ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തു. ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ അഡ്വ. എ. എൻ രാജൻ ബാബു നൽകിയ ഹരജിയിലാണ് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് വി.ജി അരുണിന്റെ ഉത്തരവ്. 1951 ലെ ജനപ്രാതിനിധ്യ നിയമം, 29 എ വകുപ്പ് എന്നിവ പ്രകാരവും സമാന കേസുകളിലെ സുപ്രിം കോടതി വിധികളുടെയും അടിസ്ഥാനത്തിൽ രാഷ്ട്രീയ പാർട്ടികളുടെ രജിസ്ട്രേഷൻ റദ്ദാക്കാൻ ഇലക്ഷൻ കമ്മീഷന് അധികാരമില്ലെന്ന് പ്രാഥമികമായി ബോധ്യപ്പെട്ടതിനെ തുടർന്നാണ് ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിടുവിച്ചത്.

ജെ.എസ്. എസിന്റെ ചിഹ്നം മറ്റു പാർട്ടികൾക്ക് അനുവദിച്ചിട്ടില്ലെങ്കിൽ അതേ ചിഹ്നത്തിൽ തന്നെ പാർട്ടിയ്ക്ക് മൽസരിക്കാമെന്നും കോടതി ഉത്തരവിൽ വ്യക്തമാക്കി. 1994 ൽ ഇലക്ഷൻ കമ്മീഷന്റെ ഉത്തരവ് പ്രകാരം സംസ്ഥാന പാർട്ടിയായി രജിസ്റ്റർ ചെയ്ത പാർട്ടിയാണ് ജെ.എസ്.എസ്. തുടർന്ന് ബസ് ചിഹ്നവും അനുവദിച്ചിരുന്നു. 94ലെ ഗുരുവായൂർ ഉപതിരഞ്ഞെടുപ്പിലുൾപ്പെടെ 96, 2001, 2006, 2011 ലും 2016 ലും ജെ.എസ്.എസ് മൽസരിച്ചിരുന്നു. എം.എൽ.എമാരും മന്ത്രിയും പാർട്ടിയ്ക്കുണ്ടായിരുന്നു. എന്നാൽ 2019 മുതൽ തുടർച്ചയായി ആറുവർഷം പാർലമെന്റിലോ നിയമസഭാ തിരഞ്ഞെടുപ്പിലോ മൽസരിക്കാതിരുന്നതിനെ തുടർന്ന് രജിസ്ട്രേഷൻ റദ്ദാക്കാതിരിക്കാൻ കാരണം കാണിക്കണമെന്നാവശ്യപ്പെട്ട് 473 പാർട്ടികൾക്ക് നൽകിയ നോട്ടീസ് കേരള ചീഫ് ഇലക്ട്രൽ ഓഫിസ് ആന്റ് സെക്രട്ടറി വഴി ജെ.എസ്.എസിന് ലഭിക്കുകയും തുടർന്ന് ജെ.എസ്.എസ് ജനറൽ സെക്രട്ടറി ഹാജരായി കാരണങ്ങൾ ബോധിപ്പിക്കുകയും ചെയ്തു.

1951 ലെ ജനപ്രാതിനിധ്യ നിയമപ്രകാരമോ 29എ വകുപ്പ് പ്രകാരമോ ഒരിക്കൽ രജിസ്റ്റർ ചെയ്ത രാഷ്ട്രീയ പാർട്ടിയുടെ രജിസ്ട്രേഷൻ റദ്ദാക്കാൻ ഇലക്ഷൻ കമ്മീഷന് അധികാരമില്ലെന്നായിരുന്നു പാർട്ടിയുടെ പ്രധാനവാദം. 2002ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കേസിലും ബിജെപിയുടെ രജിസ്ട്രേഷനും ചിഹ്നവും റദ്ദാക്കണമെന്ന കേസിലും ഉൾപ്പെടെയുള്ള സുപ്രിം കോടതി വിധികളും കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചെങ്കിലും ഇത് പരിഗണിക്കാതെ രജിസ്ട്രേഷൻ റദ്ദാക്കിയതിനെ തുടർന്നാണ് പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എ.എൻ രാജൻ ബാബു ഹൈക്കോടതിയെ സമീപിച്ചത്. മുതിർന്ന അഭിഭാഷകൻ ജയരാജ് ബാബുവാണ് രാജൻ ബാബുവിന് വേണ്ടി ഹാജരായത്.

# ഇന്റർസ്കൂൾ അത്‌ലറ്റിക് മീറ്റ് ആരംഭിച്ചു

**കൊച്ചി:** ഭവൻസ് വിദ്യാമന്ദിർ, എരൂരിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 41ാമത് ഡോ. കെ. എം. മുൻഷി മെമ്മോറിയൽ ഇന്റർസ്കൂൾ അത്‌ലറ്റിക് മീറ്റ് കാക്കനാട് ഭവൻസ് ആദർശ വിദ്യാലയത്തിൽ ആരംഭിച്ചു. സംസ്ഥാനത്തെ 32 സ്കൂളുകളിൽ നിന്നായി ഏകദേശം 1300 അത്‌ലറ്റുകൾ വിവിധ ഇനങ്ങളിൽ മത്സരിക്കുന്നു. വിവിധ സ്കൂളുകളിലെ അത്‌ലറ്റുകൾ പങ്കെടുത്ത നിറപ്പകിട്ടാർന്ന മാർച്ച് പാസ്റ്റിന് മുഖ്യാതിഥി സിയാൽ കസ്റ്റംസ് ഇന്റലിജൻസ് ഡെപ്യൂട്ടി കമ്മീഷ്ണർ റോയ് വർഗീസ് ഗാർഡ് ഓഫ് ഹോണർ സ്വീകരിച്ചു. തുടർന്ന് പതാക ഉയർത്തി, കായികമേള ഉദ്ഘാടനം ചെയ്തു.

കായികമേളകൾ വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനത്തിനും, അച്ചടക്കത്തിനും, കൂട്ടായ പ്രവർത്തനങ്ങൾക്കും, കൂടുതൽ മിഴിവു നൽകുന്നതിന് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രം ഡയറക്ടർ ഇ. രാമൻകുട്ടി കായികമേളയുടെ ദീപശിഖ പ്രയാണത്തിന് തിരികൊളുത്തി നാഷണൽ സിബിഎസ്ഇ സ്കേറ്റിംഗ് ചാമ്പ്യൻ ഋഷി ഡി




പണിക്കർക്ക് കൈമാറി. ഭവൻസ് ആദർശ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച യോഗ പ്രദർശനവും, ഏറോബിക്സും കായികമേളയെ വർണ്ണാഭമാക്കി. ഭവൻസ് വിദ്യാമന്ദിർ എരൂർ പ്രിൻസിപ്പൽ ഇ. പാർവ്വതി, വൈസ് പ്രിൻസിപ്പൽ ഇന്ദ്രാണി ഹരിദാസൻ, ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ കെ. സുരേഷ്, സെക്രട്ടറി കെ. ശങ്കരനാരായണൻ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# വേമ്പനാട് കായലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു

**ആലപ്പുഴ:** ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാൻഡ് അക്വാട്ടിക് ഇക്കോസിസ്റ്റം പദ്ധതി 2025-26 പ്രകാരം തകഴി ഗ്രാമപഞ്ചായത്ത് ബോട്ട് ജെട്ടി കടവിലും ചമ്പക്കുളം ഗ്രാമപഞ്ചായത്ത് ബോട്ട് ജെട്ടി കടവിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ഇരു കടവുകളിലും രണ്ട് ലക്ഷം വീതം കാർപ് ഇനത്തിൽ ഉൾപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചത്. തകഴി കടവിൽ നടന്ന ചടങ്ങിന് ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. വി പ്രശാന്തൻ നേതൃത്വം നൽകി.

കാലാവസ്ഥാ വ്യതിയാനം, ജലമലിനീകരണം, അശാസ്ത്രീയ മത്സ്യബന്ധനം എന്നിവ മൂലം തദ്ദേശീയ മത്സ്യലഭ്യത ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുന്നതിന് പരിഹാരമായാണ് പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് പുനരുജ്ജീവിപ്പിച്ചു മത്സ്യലഭ്യത വർധിപ്പിക്കുക, മത്സ്യത്തൊഴിലാളികളുടെ വരുമാനം വർധിപ്പിക്കുക, കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ പദ്ധതി നടപ്പാക്കുന്നത്.

ചടങ്ങുകളിൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ഡെറ്റി നെബു, ഫിഷറീസ് ഓഫീസർ കുമാരി അഞ്ജു എം സഞ്ജീവ്, പ്രൊജക്റ്റ് കോർഡിനേറ്റർ ഷോൺ ഷാം സുധാകർ, പ്രൊമോട്ടർമാരായ ലത അശോക്, കുമാരി ദേവിക ഉണ്ണി, ഭുവനേശ്വരി, എനുമേറ്റർ കുമാരി സോന, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, മത്സ്യ കർഷകർ എന്നിവർ പങ്കെടുത്തു.

# സംസ്ഥാന പുരാരേഖ ചരിത്ര ക്വിസ്: മേഖലാതല മത്സരം സംഘടിപ്പിച്ചു

**കൊച്ചി:** സംസ്ഥാന പുരാരേഖ വകുപ്പിന്റെ നേതൃത്വത്തിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തി വരുന്ന 'ചരിത്ര ക്വിസ്' 2025 മേഖലാതല മത്സരത്തിൽ കടുത്തുരുത്തി വിദ്യാഭ്യാസ ജില്ലയെ പ്രതിനിധീകരിച്ച് പങ്കെടുത്ത ഇമാനുവൽസ് എച്ച്.എസ്.എസ്. കോതനെല്ലൂരിലെ പി കാർത്തിക്, ശരൺ കെന്നഡി എന്നിവർ ഒന്നാം സ്ഥാനത്തിന് അർഹരായി.

ആലുവ വിദ്യാഭ്യാസ ജില്ലയിൽ നിന്നുള്ള ബി.ഡി.എച്ച്.എസ്.എസ്. ഞാറള്ളൂരിലെ നയന പ്രകാശ്, സൂസൻ കുര്യാക്കോസ് എന്നിവർ രണ്ടാം സ്ഥാനവും, കട്ടപ്പന വിദ്യാഭ്യാസ ജില്ലയിൽ നിന്നും ജി.ഇ.എം. ജി.എച്ച്.എസ്.എസ് ശാന്തിഗ്രാം സ്കൂളിലെ സന ഫാത്തിമ ജലിൽ, ഹൃദ്യ ബിനോ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

എറണാകുളം സർക്കാർ അതിഥി മന്ദിരത്തിൽ നടന്ന പരിപാടിയിൽ 12 ഉപജില്ലാ ടീമുകൾ പങ്കെടുത്തു. എഴുത്തുകാരനും റിട്ട. അധ്യാപകനുമായ സുധീഷ് ഷേണായിയായിരുന്നു ക്വിസ് മാസ്റ്റർ. സംസ്ഥാന ആർക്കൈവ്സ് ഡയറക്ടർ ഇൻചാർജ്ജ് എസ് പാർവ്വതി ട്രോഫികൾ വിതരണം ചെയ്തു. ആർക്കിവിസ്റ്റുകളായ മിനി പോൾ, കെ എ അപർണ എന്നിവർ പങ്കെടുത്തു.

# അക്ഷയ ദിനം: ചാരിറ്റി പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടത്തിന് തുടക്കമായി

**കൊച്ചി:** ഇരുപത്തിമൂന്നാമത് അക്ഷയ ദിനത്തോടനുബന്ധിച്ച് ജില്ലാ അക്ഷയ പ്രോജക്റ്റ് ഓഫീസും അക്ഷയ സംരംഭകരും ചേർന്ന് ചാരിറ്റി പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടം പൂർത്തിയാക്കി.

ആലുവ, ചുണങ്ങംവേലിയിലെ ഹോം ഫോർ ദി ഏജ്ഡ് ആന്റ് ഇൻഫേം സ്ഥാപനത്തിലെ അന്തേവാസികൾക്ക് സഹായം എത്തിച്ചുകൊണ്ടാണ് സേവന പ്രവർത്തനങ്ങൾ ആരംഭിച്ചത്. സ്ഥാപനത്തിലെ 120ഓളം അഗതികളെ അക്ഷയ പ്രവർത്തകർ സന്ദർശിച്ചു. ജില്ലയിൽ നിന്ന് ശേഖരിച്ച തുകയുടെ ചെക്ക് അക്ഷയ പ്രോജക്റ്റ് മാനേജർ ചിഞ്ചു സുനിൽദത്ത് സ്ഥാപന മേധാവിക്ക് കൈമാറി.

അക്ഷയ കോഡിനേറ്റർ സി.പി ജിൻസി, അസിസ്റ്റന്റ് പ്രോജക്റ്റ് കോഡിനേറ്റർമാരായ പ്രേമ, പ്രീത, അമ്പിളി ബ്ലോക്ക് കോഡിനേറ്റർമാരായ ജയശ്രീ ജയൻ, സൗമ്യ, ഷീജ അക്ഷയ സംരഭകർ തുടങ്ങിയവർ ചടങ്ങിന്റെ ഭാഗമായി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# തീവ്ര വോട്ടർ പട്ടിക പരിഷ്കരണം: ജില്ലയിൽ 25 ലക്ഷം ഫോമുകൾ വിതരണം ചെയ്തു




**കൊച്ചി:** ജില്ലയിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ (എസ്.ഐ.ആർ) പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നതായി ജില്ലാ കളക്ടർ ജി. പ്രിയങ്ക വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇതിനകം ജില്ലയിൽ 25,14,026 (95 ശതമാനത്തോളം) എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തു. നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പൊതുജനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും പൂർണ്ണ സഹകരണം അനിവാര്യമാണെന്നും ജില്ലാ കളക്ടർ വ്യക്തമാക്കി. വോട്ടർ പട്ടിക പരിഷ്കരണത്തിന് ഇനി 14 ദിവസങ്ങൾ മാത്രമാണുള്ളത്. വിതരണം ചെയ്തവയിൽ 2,36,265 ഫോമുകൾ (ഏകദേശം 9%) പൂരിപ്പിച്ച് തിരികെ ലഭിക്കുകയും അവ ഡിജിറ്റൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഫ്ളാറ്റ് റെസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ മുഖേന ഫോമുകൾ ശേഖരിച്ച് ക്യാമ്പുകളിൽ എത്തിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ പറഞ്ഞു.

തൃക്കാക്കര, തൃപ്പൂണിത്തുറ, എറണാകുളം തുടങ്ങിയ നഗര മണ്ഡലങ്ങളിൽ ഫ്ളോട്ടിംഗ് പോപ്പുലേഷൻ കൂടുതലായതിനാലും, വോട്ടിംഗ് ശതമാനം കുറവായതിനാലും അവിടെ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. ബി.എൽ.ഒമാർ പലതവണ വീടുകളിൽ എത്തിയിട്ടും വിവരങ്ങൾ ശേഖരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, നഗരമേഖലകളിൽ ആരംഭിച്ചിട്ടുള്ള കളക്ഷൻ ക്യാമ്പുകൾ ജനങ്ങൾ പ്രയോജനപ്പെടുത്തണം. രാപകലില്ലാതെ കർമ്മനിരതരായ ബി.എൽ.ഒമാരെയും അവർക്ക് പിന്തുണ നൽകുന്ന കുടുംബാംഗങ്ങളെയും ജില്ലാ കളക്ടർ അഭിനന്ദിച്ചു. ഈ 31 ദിവസത്തെ കഠിനാധ്വാനത്തിൽ അവരുടെ പങ്ക് വലുതാണെന്നും അവർ കൂട്ടിച്ചേർത്തു. തൃപ്പൂണിത്തുറ മണ്ഡലത്തിൽ 46 ക്യാമ്പുകളാണ് പ്രവർത്തിക്കുന്നതെന്ന് സബ് കളക്ടറും മണ്ഡലം ഇ.ആർ.ഒയുമായ ഗ്രന്ഥേ സായി കൃഷ്ണ പറഞ്ഞു. പൊതുജനങ്ങൾ ഫോമുകൾ പൂരിപ്പിക്കുമ്പോൾ അടിസ്ഥാന വിവരങ്ങളായ പേര്, ഫോൺ നമ്പർ, ആധാർ, മാതാപിതാക്കളുടെ പേര് തുടങ്ങിയവ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. സംശയമുള്ള മറ്റ് വിവരങ്ങൾ പൂരിപ്പിക്കാൻ ക്യാമ്പിലെ വോളണ്ടിയർമാരുടെയോ ബി.എൽ.ഒമാരുടെയോ സഹായം തേടാവുന്നതാണ്. അടിസ്ഥാന വിവരങ്ങൾ കൃത്യമായി പൂരിപ്പിച്ചു നൽകുന്നത് തിരക്കുള്ള സമയങ്ങളിൽ ബി.എൽ.ഒമാരുടെ ജോലി എളുപ്പമാക്കാൻ സഹായിക്കുമെന്നും സബ് കളക്ടർ പറഞ്ഞു. തൃക്കാക്കര മണ്ഡലത്തിൽ 49 ക്യാമ്പുകളിലും എറണാകുളം മണ്ഡലത്തിൽ 36 സെന്ററുകളിലുമായാണ് പൂരിപ്പിച്ച ഫോമുകൾ സ്വീകരിക്കുന്നതെന്ന് ഡെപ്യൂട്ടി കളക്ടറും തൃക്കാക്കര മണ്ഡലം ഇ.ആർ.ഒയുമായ വി ഇ അബ്ബാസ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ബി.എൽ.ഒമാർ ഈ കേന്ദ്രങ്ങളിൽ ലഭ്യമാണ്. പൊതുജനങ്ങൾ തങ്ങളുടെ കൈവശമുള്ള ഫോമുകൾ പൂരിപ്പിച്ച് ഈ ക്യാമ്പുകളിൽ എത്തിച്ചു നൽകി ഉദ്യോഗസ്ഥരുമായി സഹകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. എന്യൂമറേഷൻ ഫോം ലഭിക്കാത്തവർക്ക് ജില്ലാ ഭരണകൂടത്തിന്റെ ഫേസ്ബുക്ക് പേജിൽ നൽകിയിട്ടുള്ള ഹെൽപ്പ് ലൈൻ നമ്പറുകളിൽ രാവിലെ 9 മുതൽ രാത്രി 9 വരെ ബന്ധപ്പെടാമെന്നും ജില്ലാ കളക്ടർ പറഞ്ഞു. എപിക് (EPIC) നമ്പർ നൽകിയാൽ ബന്ധപ്പെട്ട ബി.എൽ.ഒയെ കണ്ടെത്തി ഫോം എത്തിക്കാൻ നടപടി സ്വീകരിക്കും. വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി കൂടുതൽ സാങ്കേതിക വോളണ്ടിയർമാരുടെ സേവനം ആവശ്യമുണ്ടെന്നും, താൽപ്പര്യമുള്ളവർക്ക് ഫേസ്ബുക്കിൽ നൽകിയിട്ടുള്ള ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്യാമെന്നും അറിയിച്ചു. എറണാകുളം പ്രസ് ക്ലബ്ബിൽ ചേർന്ന വാർത്താസമ്മേളനത്തിൽ കണയന്നൂർ താലൂക്ക് തഹസിൽദാർ ജോസഫ് ആന്റണി ഹെർട്ടീസും പങ്കെടുത്തു.

# അറബിക്കടലിൽ പുതിയ ഇനം നീരാളി കൂന്തളിനെ കണ്ടെത്തി

**കൊച്ചി:** അറബിക്കടലിൽനിന്ന് പുതിയ ഇനം ആഴക്കടൽ നീരാളി കൂന്തളിനെ കണ്ടെത്തി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ശാസ്ത്ര സംഘം. ആഗോളതലത്തിൽത്തന്നെ അപൂർവമായ ടനിൻജിയ എന്ന ജെനുസ്സിൽ (വർഗം) പെട്ടതാണ് ഈ ആഴക്കടൽ കൂന്തൾ. ഇതുവരെ, അറ്റ്ലാന്റിക് സമുദ്രത്തിൽ കാണപ്പെടുന്ന ടനിൻജിയ ഡാനേ മാത്രമാണ് ഈ വർഗത്തിലെ ഒരേയൊരു കൂന്തൾ ഇനം. രണ്ടാമത്തെ ഇനം കൂന്തളിനെയാണ് സിഎംഎഫ്ആർഐ സംഘം കണ്ടെത്തിയത്. കൊല്ലം പുറംകടലിൽ ഏകദേശം 390 മീറ്റർ ആഴത്തിൽനിന്നാണ് ഒക്ടോപോട്യൂത്തിഡേ കുടുംബത്തിൽപ്പെട്ട ഈ കൂന്തളിനെ ലഭിച്ചത്. ഇവക്ക് കൂന്തളുകളെ പോലെ രണ്ട് നീളമുള്ള സ്പർശിനികൾ (ടെന്റക്കിൾ) ഇല്ല.

നീരാളികളെ പോലെ എട്ട് കൈകൾ മാത്രമാണുള്ളത്. ഇക്കാരണത്താൽ നീരാളി കൂന്തൾ എന്നാണ് ഇവയെ വിളിക്കുന്നത്. സാധാരണ കൂന്തളുകൾക്ക് എട്ട് കൈകളും പുറമെ രണ്ട് സ്പർശിനികളുമുണ്ടാകാറുണ്ട്. സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഗീത ശശികുമാറും ടെക്നിക്കൽ ഓഫീസർ ഡോ കെ കെ സജികുമാറും ചേർന്ന ഗവേഷണ സംഘമാണ് ഈ നേട്ടത്തിന് പിന്നിൽ. പുതിയ കൂന്തളിനെ ടനിൻജിയ സൈലാസി എന്ന് നാമകരണം ചെയ്തു. സി.എം.എഫ്.ആർ.ഐ മുൻ ഡയറക്ടറും കേരള കാർഷിക സർവകലാശാല മുൻ വൈസ് ചാൻസലറുമായിരുന്ന പ്രമുഖ ഫിഷറീസ് ശാസ്ത്രജ്ഞൻ ഡോ ഇ. ജി സൈലാസിന് ആദരമായാണ് ഈ പേര് നൽകിയത്.



ഇന്ത്യയിലെ കണവ ഗവേഷണ രംഗത്ത് മുൻനിരക്കാരനായിരുന്നു ഡോ. സൈലാസ്. ഇന്ത്യൻ നീരാളി കൂന്തൾ എന്നാണ്ആദ്യമായാണ് അറബിക്കടലിൽ നിന്നും ടനിൻജിയ വർഗത്തിലെ നീരാളി കൂന്തളിനെ കണ്ടെത്തുന്നത്. ആദ്യകാഴ്ചയിൽ, ഈ വർഗത്തിലെ ഏകയിനമായ ടനിൻജിയ ഡാനേ ആണെന്നാണ് കരുതിയത്. ഇവ ഏകജാതീയമാണെന്നായിരുന്നു (മോണോടൈപിക്) ഗവേഷകർക്കിടയിൽ ഇതുവരെയുണ്ടായിരുന്ന വിശ്വാസം. എന്നാൽ, ഇവ രണ്ടും തമ്മിൽ ബാഹ്യരൂപത്തിൽ വ്യത്യാസമുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് നടത്തിയ വിശദമായ ജനിതകവർഗീകരണ പഠനത്തിലാണ് അറബിക്കടലിൽ നിന്ന് ലഭിച്ചത് പുതിയ ഇനം കൂന്തളാണെന്ന് തിരിച്ചറിഞ്ഞത് ഡോ. ഗീത ശശികുമാർ പറഞ്ഞു.

വലിയ വലുപ്പവും തൂക്കവും കൈവരിക്കുന്നതാണ് ഈ കുടുംബത്തിലെ കൂന്തളുകൾ. ഇവ രണ്ട് മീറ്ററിലേറെ നീളവും ഏകദേശം 61 കിലോഗ്രാം തൂക്കവും കൈവരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിണ്ടുന്ന് ഡോ. സജികുമാർ പറഞ്ഞു. ലോകമെമ്പാടും ഏകദേശം 400ഓളം വ്യത്യസ്ത ഇനം കൂന്തളുകളെ കണ്ടെത്തിയിട്ടുണ്ട്. പുതിയ കൂന്തളിനെ കണ്ടെത്തിയതായുള്ള പഠനം രാജ്യാന്തര ജേർണലായ മറൈൻ ബയോഡൈവേഴ്സിറ്റിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗവേഷണ വിദ്യാർത്ഥികളായ ഡോ. ഷിജിൻ അമേരി, ടോജി തോമസ് എന്നിവരും പഠന സംഘത്തിലുണ്ടായിരുന്നു.

# ഇന്ത്യൻ ബിൽഡിംഗ് കോൺഗ്രസ്: കേരള ചാപ്റ്ററിന് പുതിയ ഭാരവാഹികൾ



**കൊച്ചി:** ഇന്ത്യൻ ബിൽഡിംഗ് കോൺഗ്രസ് (ഐ. ബി. സി) കേരള ചാപ്റ്ററിന്റെ ചെയർമാനായി ഡോ. അനിൽ ജോസഫിനേയും ഹോണററി സെക്രട്ടറിയായി യാക്കുബ് മോഹൻ ജോർജിനേയും ട്രഷററായി എസ്. അൻവർ ഹുസൈനെയും തിരഞ്ഞെടുത്തു. പ്രൊഫഷണൽ സഹകരണത്തിന് കൂടുതൽ കരുത്തേകുക, സാങ്കേതിക പരിപാടികൾക്കും ഗവേഷണ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുക, നിർമാണ മേഖലയിൽ ശേഷിവർധന പദ്ധതികൾക്ക് നേതൃത്വം നൽകുക തുടങ്ങിയവയാണ് ലക്ഷ്യമിടുന്നതെന്ന് ഭാരവാഹികൾ വ്യക്തമാക്കി.

# സഹൃദയ വജ്രജൂബിലി സമാപനം 25 ന്

**കൊച്ചി:** എറണാകുളം-അങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തനവിഭാഗമായ വെൽഫെയർ സവീസസ് എറണാകുളം (സഹൃദയ)യുടെ വജ്ര ജൂബിലി വർഷ സമാപനം നവംബർ 25 ന് നടക്കും. കലൂർ റിന്യുവൽ സെന്ററിൽ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിലിന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനം സംസ്ഥാന ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. വജ്രജൂബിലി സ്മാരകമായി നടപ്പാക്കുന്ന 60 ഭവനങ്ങളുടെ നിർമാണപദ്ധതിയുടെ ഉദ്ഘാടനവും സ്മരണിക പ്രകാശനവും അദ്ദേഹം നിർവഹിക്കും. സഹൃദയ സംഘാംഗങ്ങൾ, ഗ്രാമതല പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ എന്നിവരുൾപ്പടെ ആയിരത്തി ഇരുനൂറോളം പേർ സംഗമത്തിൽ പങ്കെടുക്കും.

ഗ്രാമതലത്തിൽ മികച്ച പ്രവർത്തനം നടത്തിയ സാമൂഹ്യപ്രവർത്തകരെ യോഗത്തിൽ ആദരിക്കും. പിന്നണി ഗായകൻ വിപിൻ സേവ്യറിന്റെ നേതൃത്വത്തിലുള്ള മെഗാഷോ യും ഉണ്ടായിരിക്കുമെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ആന്റണി പുതിയാപറമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ജൂബിലി വർഷത്തിൽ ഭവനരഹിതരായ 60 കുടുംബങ്ങൾക്ക് വീടുകൾ നൽകുന്നത് കൂടാതെ ഭിന്നശേഷിക്കാർക്കായി മൾട്ടി ഫെസിലിറ്റി സെന്ററും വൈകല്യങ്ങൾ നേരത്തെ കണ്ടുപിടിച്ച് ചികിത്സ നൽകാനാവുന്ന ഏർലി ഇന്റർ വെൻഷൻ സെന്ററും ആരംഭിക്കുന്നു.

# മീഡിയ റിലേഷൻസ് സമിതി രൂപീകരിച്ചു

**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാതല മീഡിയ റിലേഷൻസ് സമിതി രൂപീകരിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കിയ മാധ്യമ മാർഗ്ഗനിർദേശം പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനും മാധ്യമ സംബന്ധിയായ കാര്യങ്ങളിൽ തീർപ്പ് നൽകുന്നതിന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറെ സഹായിക്കുന്നതിനാണു സമിതി രൂപീകരിച്ചിരിക്കുന്നത്. ജില്ലാ കളക്ടർ ജി. പ്രിയങ്ക ചെയർപേഴ്സൺ ആയ സമിതിയുടെ കൺവീനർ ജില്ലാ ഇൻഫർമേഷൻ ഓഫീസർ എൻ.ബി. ബിജു ആണ്, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ നിജാസ് ജുവൽ, ജില്ലാ ലോ ഓഫീസർ മനു സോളമൻ, എറണാകുളം പ്രസ് ക്ലബ് പ്രസിഡന്റ് ആർ. ഗോപകുമാർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് സോഷ്യൽ മീഡിയ വിദഗ്ധൻ രാംമോഹൻ പാലിയത്ത് എന്നിവരാണ് സമിതി അംഗങ്ങൾ.

# നാമനിർദ്ദേശ പത്രിക സൂക്ഷ്മ പരിശോധന

**കൊച്ചി:** തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ കൊച്ചി കോർപ്പറേഷൻ 27 മുതൽ 51വരെയുള്ള ഡിവിഷനുകളിലെ സ്ഥാനാർഥികളുടെ നാമനിർദ്ദേശ പത്രികയുടെ സൂക്ഷ്മ പരിശോധന നവംബർ 22 ന് രാവിലെ 10 മുതൽ ജി.സി.ഡി.എ അനക്സ് ഹാളിൽ നടക്കും. ഡിവിഷനുകളുടെ ക്രമം അനുസരിച്ച് പരിശോധന നടത്തുന്നതാണെന്ന് കൊച്ചി കോർപ്പറേഷൻ ഡിവിഷൻ 2751 വരണാധികാരി അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പിട്ടാപ്പിള്ളിൽ ക്രിസ്മസ്ന്യൂ ഇയർ സമ്മാന പദ്ധതിക്ക് തുടക്കം




പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ 'ബൈ ആൻഡ് ഫ്ളൈ' യൂറോപ്പ് ട്രിപ്പ് , 'റിയൽ ഓണം' പദ്ധതി നറുക്കെടുപ്പ് എന്നിവയിലെ വിജയികൾ മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ പിട്ടാപ്പിള്ളിൽ, വിഗാർഡ് ഗ്രൂപ്പ് ഓഫ് കമ്പനീസ് സ്ഥാപകൻ കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി, പിട്ടാപ്പിള്ളി ഏജൻസീസ് സി.ഇ.ഒ. കിരൺ വർഗ്ഗീസ്, ഡയറക്ടർമാരായ മരിയ പോൾ, അജോ തോമസ് എന്നിവർക്കൊപ്പം

**കൊച്ചി:** പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ പുതിയ ക്രിസ്മസ്പുതുവത്സര സമ്മാന പദ്ധതിയായ 'വിന്റർ വിസിറ്റ് ആൻഡ് വിൻ' പദ്ധതിയ്ക്ക് തുടക്കമായി. പാലാരിവട്ടം റിനൈ ഹോട്ടലിൽ നടന്ന ചടങ്ങിൽ മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ പിട്ടാപ്പിള്ളിൽ പദ്ധതി ഉദ്ഘാടനം ചെയ്തു. വിഗാർഡ് ഗ്രൂപ്പ് ഓഫ് കമ്പനീസ് സ്ഥാപകൻ കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. 'പിട്ടാപ്പിള്ളിൽ' ബൈ ആൻഡ് ഫ്ളൈ' യൂറോപ്പ് ട്രിപ്പ് വിജയികൾക്കും 'റിയൽ ഓണം' പദ്ധതിയിലെ നറുക്കെടുപ്പിലെ വിജയികൾക്കും ചടങ്ങിൽ സമ്മാനങ്ങൾ കൈമാറി. ടൈറ്റൻ വാച്ചുകളുമായി സഹകരിച്ച്, തിരഞ്ഞെടുക്കപ്പെട്ട പിട്ടാപ്പിള്ളിൽ ഏജൻസീസ് ഷോറൂമുകളിൽ 'ഷോപ്പ് ഇൻ ഷോപ്പ്' സൗകര്യം ഒരുക്കുന്ന പദ്ധതിയുടെ പ്രഖ്യാപനവും ചടങ്ങിൽ നടന്നു. ടൈറ്റൻ വാച്ചുകളുടെ അംഗീകൃത റീട്ടെയിലർ എന്ന നിലയിൽ, തിരഞ്ഞെടുത്ത പിട്ടാപ്പിള്ളിൽ ഏജൻസീസ് ഷോറൂമുകളിൽ ഉപഭോക്താക്കൾക്ക് ടൈറ്റൻ ഷോപ്പ് അനുഭവം ലഭ്യമാകും.

പിട്ടാപ്പിള്ളിൽ ഏജൻസീസ് സി.ഇ.ഒ. കിരൺ വർഗ്ഗീസ്, ഡയറക്ടർമാരായ മരിയ പോൾ, അജോ തോമസ്, ജനറൽ മാനേജർ എ ജെ തങ്കച്ചൻ, ടൈറ്റൻ സോണൽ സെയിൽസ് മാനേജർ ഹാരിസ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. പിട്ടാപ്പിള്ളിൽ 'വിന്റർ വിസിറ്റ് ആൻഡ് വിൻ' സമ്മാനപദ്ധതിയുടെ ഭാഗമായി ക്രിസ്മസ്, ന്യൂ ഇയർ കാലയളവിൽ പിട്ടാപ്പിള്ളിൽ ഏജൻസീസ് ഷോറൂമുകൾ സന്ദർശിക്കുന്നവരിൽ നിന്ന് ആഴ്ചതോറുമുള്ള നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്ന വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുമെന്ന് മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ പിട്ടാപ്പിള്ളിൽ പറഞ്ഞു.

പിട്ടാപ്പിള്ളിൽ 'വിന്റർ വിസിറ്റ് ആൻഡ് വിൻ' ഓഫറിന്റെ ഭാഗമായി നിരവധി ആനുകൂല്യങ്ങളാണ് ഉപഭോക്താക്കൾക്കായി ഒരുക്കിയിട്ടുള്ളത്. വിവിധ ബാങ്കുകളും ഫിനാൻസ് കമ്പനികളുമായി സഹകരിച്ചു കസ്റ്റമേഴ്സിന് 21000 രൂപ വരെ കാഷ്ബാക്ക് ഓഫറുകളും പിട്ടാപ്പിള്ളിൽ ഏജൻസിസ് ഒരുക്കിയിട്ടുണ്ട്. പ്രമുഖ ബ്രാൻഡുകളുടെ മൊബൈൽ ഫോൺ , ലാപ്ടോപ്, ഡിജിറ്റൽ ഗാഡ്ജറ്റ്സ്, ആക്സസറീസ് തുടങ്ങിയ ഉൽപ്പന്നങ്ങൾ ഈസി ഇഎം ഐ ഓപ്ഷനിൽ മികച്ച ഡിസ്കൗണ്ടുകളോടെയും, ഓഫറുകളോടെയും പർച്ചേസ് ചെയ്യാം. വീടുകളിലേക്കും ഓഫീസുകളിലേക്കും ആവശ്യമുള്ള ഗൃഹോപകരണങ്ങൾ, മൊബൈൽ ഫോൺ, ലാപ്ടോപ് തുടങ്ങി അടുക്കള ഉപകരണങ്ങൾ വരെ യാതോരധികച്ചിലവുമില്ലാതെ 833 രൂപ മുതൽ തവണവ്യവസ്ഥയിൽ പിട്ടാപ്പിള്ളിൽ ഏജൻസീസിൽ ലഭ്യമാണ്. ലളിതമായ തവണവ്യവസ്ഥയിൽ ഏറ്റവും കുറഞ്ഞ ഇുങ്ക യിൽ ഉൽപന്നങ്ങൾ പർച്ചേസ് ചെയ്യാനുള്ള സൗകര്യം പിട്ടാപ്പിള്ളിൽ ഒരുക്കിയിട്ടുണ്ട്. പ്രോഡക്റ്റ് അപ്ഗ്രേഡ് ചെയ്യുമ്പോൾ സ്പെഷ്യൽ ഡിസ്കൗണ്ടും, പഴയ ഉൽപന്നങ്ങൾക്ക് 10000 രൂപ വരെ എക്സ്ചേഞ്ച് ഓഫറുകളും പിട്ടാപ്പിള്ളിൽ ലഭ്യമാണ്. പിട്ടാപ്പിള്ളിൽ വി കെയർ പ്രോഗ്രാമിലൂടെ ഉൽപന്നങ്ങൾക്കെല്ലാം അധിക വാറന്റി സൗകര്യവും പിട്ടാപ്പിള്ളിൽ ഒരുക്കിയിട്ടുണ്ട്. മുൻനിര ബ്രാൻഡുകളുടെ ഉൽപന്നങ്ങൾക്ക് ആകർഷകമായ ഇഎംഐ ഓഫറുകളും കാഷ്ബാക്ക് ഓഫറുകളും പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ എല്ലാ ബ്രാഞ്ചുകളിലും ലഭ്യമാണ്. ഉൽപന്നങ്ങൾക്ക് അധിക വാറണ്ടി സൗകര്യവും, എന്തും എന്തിനോടും എക്സ്ചേഞ്ച് ചെയ്യാനും അതോടൊപ്പം ഫിനാൻസ് ഓഫറുകളും 'വിന്റർ വിസിറ്റ് ആൻഡ് വിൻ' പദ്ധതിയുടെ ഭാഗമായി ഉണ്ട്. ഗിഫ്റ്റ് കൂപ്പണുകൾ, ഓൺലൈൻ പർചേയ്സുകൾക്ക് സ്പെഷ്യൽ ഡിസ്കൗണ്ട് കൂപ്പണുകൾ, ഫിനാൻസ് കസ്റ്റമേഴ്സിന് ആകർഷകമായ സ്കീമുകൾ എന്നിവയ്ക്ക് പുറമെ അഡിഷണൽ ഡിസ്കൗണ്ടും പിട്ടാപ്പിള്ളിൽ ഒരുക്കിയിട്ടുണ്ട്.

# ടൈക്കോൺ കേരള 2025 ന് തുടക്കം

**കോട്ടയം:** സംസ്ഥാനത്തെ ഏറ്റവും വലിയ സംരംഭക ബിസിനസ് സ്റ്റാർട്ടപ്പ് സമ്മേളനമായ ടൈകോൺ കേരള 2025 കുമരകം ദി സൂരിയിൽ ആരംഭിച്ചു. 'സെലിബ്രേറ്റിംഗ് എന്റർപ്രണർഷിപ്പ്' എന്ന പ്രമേയത്തിലാണ് സംസ്ഥാനത്തെ സംരംഭകരും സ്റ്റാർട്ടപ്പുകളും രാജ്യത്തെ നിരവധി വ്യവസായികളും, മുൻനിര ബിസിനസ്സുകാരും നിക്ഷേപകരെയും മെന്റർമാരും ഒരുമിക്കുന്നത്. കാവിൻ കെയർ ചെയർമാൻ സി.കെ. രംഗനാഥൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. സംരംഭകയാത്രയിലെ ആകസ്മിക വളർച്ചയല്ല യഥാർത്ഥ വിജയം. തുടർച്ചയായ ചിന്തയുടെയും, ഉൾക്കാഴ്ചയുടെയും അച്ചടക്കമുള്ള പ്രവർത്തനത്തിന്റെയും ഫലമാണതെന്ന് അദ്ദേഹം പറഞ്ഞു.

ബിസിനസിൽ പ്രവർത്തിക്കുന്ന നിലയിൽ നിന്ന് ബിസിനസ്സിനെ നയിക്കുന്ന നിലയിലേക്ക് മാറുമ്പോഴാണ് സംരംഭങ്ങൾ ഉയരങ്ങൾ താണ്ടുന്നത്, അദ്ദേഹം പറഞ്ഞു. വിശ്വാസം, ധൈര്യം, പഠന മനോഭാവം എന്നിവയാണ് പ്രാരംഭ വിജയത്തെ നിർണയിക്കുന്നതെന്നും, തങ്ങൾ ഏത് ഘട്ടത്തിലാണ് തടസ്സപ്പെട്ട് നിൽക്കുന്നതെന്ന് തിരിച്ചറിഞ്ഞ് ബോധപൂർവ്വം മുന്നോട്ട് നീങ്ങണമെന്ന് അദ്ദേഹം സംരഭകരോട് അഭ്യർത്ഥിച്ചു. 2000 മുതൽ ജിഎസ്ഡിപി ആറിരട്ടിയായി വളർന്നതും പ്രതിശീർഷ



വരുമാനം 1,000 ഡോളറിൽ നിന്ന് 12,000 ഡോളറിലേയ്ക്ക് ഉയർന്നതും വസ്തുതയാണെന്ന് കെ.എസ്.ഐ.ഡി.സി ചെയർമാനും മുഖ്യ പ്രഭാഷണകനുമായ സി. ബാലഗോപാൽ പറഞ്ഞു. അപെക്സ് ഹോസ്പിറ്റൽസ് ഡയറക്ടറും ടൈ ഗ്ലോബൽ ബോർഡ് ഓഫ് ട്രസ്റ്റീസ് അംഗവുമായ ഷീനു ജാവർ, ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ്, ടൈ കേരള വൈസ് പ്രസിഡന്റും ടൈകോൺ കേരള 2025 ചെയർമാനുമായ ഡോ. ജീമോൻ കോര, സിന്തൈറ്റ് മാനേജിംഗ് ഡയറക്ടർ അജു ജേക്കബ്, എക്സിക്യൂട്ടീവ് ഡയറക്ടർ ദിവ്യ തലക്കലാട്ട്, മുൻ ടൈ കേരള പ്രസിഡന്റുമാരായ ദാമോദർ അവനൂർ, ജേക്കബ് ജോയ് എന്നിവരും സംസാരിച്ചു



# സാന്താ റൺ: ഭിന്നശേഷി കുട്ടികളുടെ നഗരയാത്ര സംഘടിപ്പിച്ചു

**കൊച്ചി:** റോട്ടറി ഡിസ്ട്രിക്ട് 3205 സംഘടിപ്പിക്കുന്ന സാന്താ റൺ കൊച്ചിയുടെ ആറാം പതിപ്പ്. കെ.എസ്.ആർ.ടി.സിയുടെ ഡബിൾ ഡക്കർ ബസ്സിൽ നടത്തിയ നഗര യാത്ര കൊച്ചി മെട്രോ എം.ഡി ലോക്നാഥ് ബെഹ്റ ഫ്ളാഗ് ഓഫ് ചെയ്തു.

പ്രത്യേക അവകാശങ്ങളുള്ള കുട്ടികൾക്ക് സന്തോഷം പകരാനും അവർക്ക് മികച്ച കാഴ്ചകളൊരുക്കാനും റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ നൈറ്റ്സ് തയ്യാറാക്കിയ യാത്ര അഭിനന്ദനാർഹമാണെന്ന് ലോക്നാഥ് ബെഹ്റ പറഞ്ഞു.

റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ നൈറ്റ്സ് പ്രസിഡന്റ് ബിജു എബ്രഹാം അധ്യക്ഷത വഹിച്ചു. സെക്രട്ടറി അലക്സ് വിറ്റി തോമസ്, ഡിസ്ട്രിക്ട് ഡയറക്ടർ സുദിൻ വിളങ്ങാടൻ, അസിസ്റ്റന്റ് ഗവർണർ രമേഷ് കൊങ്ങാട്ടിൽ, ക്യുബിക്കോൺ കമ്പനിയിലെ ബിജു, സോന, സിയ തുടങ്ങിയവർ ഫ്ളാഗ് ഓഫ് ചടങ്ങിൽ പങ്കെടുത്തു.

ഡിസംബർ 7ന് പുലർച്ചെ അഞ്ച് മണിക്കാണ് ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടിയിൽ സാന്താ റൺ നടക്കുക. ഓട്ടിസത്തെ കുറിച്ചുള്ള ബോധവത്ക്കരണം ലക്ഷ്യമിട്ടാണ് റോട്ടറി കൊച്ചിൻ നൈറ്റ്സ് ട്രസ്റ്റ് സാന്താ റൺ സംഘടിപ്പിക്കുന്നത്.




# എഐഎ–ഫിൻപ്രോവ് സഹകരണത്തിന് ധാരണ

**കൊച്ചി:** യുകെ ആസ്ഥാനമായി പ്രവർത്തിക്കുന്ന അസോസിയേഷൻ ഓഫ് ഇന്റർനാഷണൽ അക്കൗണ്ടന്റ്സ് (എഐഎ), കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന എഡ്ടെക് കമ്പനിയായ ഫിൻപ്രോവ് ലേണിംഗുമായി ഇന്ത്യയിലെ പങ്കാളിത്തം പ്രഖ്യാപിച്ചു. ഇന്ത്യയിലുടനീളമുള്ള പഠിതാക്കൾക്ക് ആക്സസ് ചെയ്യാവുന്നതും എളുപ്പത്തിൽ വഴങ്ങുന്നതും വ്യവസായത്തിന് അനുയോജ്യമായതുമായ യോഗ്യതകൾ ചുരുങ്ങിയ ചെലവിൽ നൽകാനാണ് സഹകരണത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് എഐഎ യുകെ പോളിസി ആന്റ് റെഗുലേഷൻ ഡയറക്ടർ ഡേവിഡ് പോട്ട്സ്, ഫിൻപ്രോവ് ലേണിംഗ് സ്ഥാപകനും സിഇഒയുമായ സിഎ ആനന്ദ് കുമാർ, ഫിൻപ്രോവ് ലേണിംഗ് എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ആർ. നായർ എന്നിവർ പറഞ്ഞു. പ്രൊഫഷണൽ യോഗ്യതകളുടെ നിലവാരം ഉയർത്താനും അതുവഴി ഇന്ത്യൻ അക്കൗണ്ടന്റുമാരെയും ധനകാര്യ പ്രൊഫഷണലുകളെയും സഹായിക്കാനും ലക്ഷ്യമിട്ടാണ് എഐഎ ഫിൻപ്രോവുമായി ധാരണയിലെത്തിയത്. ഇന്ത്യയുടെ അതിവേഗം വളരുന്ന സാമ്പത്തിക രംഗത്തിന് ആഗോളതലത്തിലെ മികച്ച മാതൃകകൾ സ്വീകരിക്കുന്നതിനും ഈ സഹകരണം വഴിയൊരുക്കുമെന്ന് ഇരുകമ്പനികളും വ്യക്തമാക്കി. ലോകത്തിലെ ഏറ്റവും പ്രതിഭാശാലികളായവർക്ക് ജന്മം നൽകുന്ന രാജ്യങ്ങളിലൊന്നായ ഇന്ത്യയിലെ ഫിൻപ്രോവ് ലേണിംഗുമായുള്ള തങ്ങളുടെ പങ്കാളിത്തം എഐഎയുടെ ആഗോള യാത്രയിലെ സുപ്രധാന നാഴികക്കല്ലാണെന്ന് ഡേവിഡ് പോട്ട്സ് പറഞ്ഞു. ആഗോള ധനകാര്യ സർട്ടിഫിക്കേഷനുകൾക്കായുള്ള ആവശ്യകതയിൽ 20% സിഎജിആറും ഇന്ത്യയുടെ തൊഴിൽ ശക്തി അഭൂതപൂർവമായ തോതിൽ വികസിക്കുന്നതും പരിഗണിക്കുമ്പോൾ ഈ സഹകരണം ശരിയായ സമയത്താണ് ഉണ്ടായിരിക്കുന്നതെന്ന് സിഎ ആനന്ദ് കുമാർ പറഞ്ഞു.

# അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് 2025

**കൊച്ചി:** അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ലെഫ്റ്റ് ഓവർ/സപ്ലിമെന്ററി) ഡിസംബർ 2025 ന്റെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 2021 ൽ അഡ്മിഷൻ നേടിയ രണ്ട് വർഷ ട്രേഡിലെ ട്രെയിനികൾക്ക് രണ്ടാം വർഷ പരീക്ഷയിലും, 2022 മുതൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള ഒരു വർഷ/രണ്ടു വർഷ ട്രേഡുകളിലെ പരാജയപ്പെട്ട എല്ലാ ട്രെയിനികൾക്കും അതെ കാലയളവിലെ ലെഫ്റ്റ് ഓവർ ട്രെയിനികൾക്കും സപ്ലിമെന്ററി പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. ഫോൺ : 0484-2700142

# മുത്തൂറ്റ് മിനി ഫിനാൻസിന്റെ ആസ്തി 5,000 കോടി രൂപ കടന്നു

**കൊച്ചി:** മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ് നടപ്പു സാമ്പത്തിക വർഷം ഏപ്രിൽ-സെപ്റ്റംബർ കാലയളവിൽ കമ്പനി കൈകാര്യം ചെയ്യുന്ന ആസ്തി 4,773.47 കോടി രൂപയിലെത്തി. കഴിഞ്ഞ സാമ്പത്തിക വർഷം സെപ്റ്റംബറിലെ 3,658.86 കോടി രൂപയെ അപേക്ഷിച്ച് വാർഷികാടിസ്ഥാനത്തിൽ 30.46 ശതമാനത്തിന്റെ വളർച്ചയാണ് കാണിക്കുന്നത്.

നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ കമ്പനിയുടെ മൊത്ത വരുമാനം 481.11 കോടി രൂപയായി. മുൻ വർഷം ഇതേ കാലയളവിലെ 391.87 കോടി രൂപയെ അപേക്ഷിച്ച് 22.77 ശതമാനം വർദ്ധനവാണിത്. ആദ്യ പകുതിയിൽ അറ്റാദായം 61.77 കോടി രൂപയിലെത്തി. മുൻ വർഷം ഇതേ കാലയളവിലെ 47.48 കോടി രൂപയേക്കാൾ 30.11 ശതമാനം വാർഷിക വളർച്ചയാണിത്.

നടപ്പു സാമ്പത്തിക വർഷത്തിലെ രണ്ടാം ത്രൈമാസത്തിലെ മൊത്ത വരുമാനം 254.53 കോടി രൂപയിലെത്തി. മുൻ വർഷത്തെ ഇതേ കാലയളവിലെ 205.30 കോടി രൂപ അപേക്ഷിച്ച് 23.98 ശതമാനം വളർച്ച കൈവരിച്ചു. രണ്ടാം ത്രൈമാസത്തിലെ അറ്റാദായം 31.63 കോടി രൂപയായി ഉയർന്നു. മുൻ വർഷത്തെ ഇതേ കാലയളവിൽ ഇത് 23.95 കോടി രൂപയായിരുന്നു.

കൈകാര്യം ചെയ്യുന്ന ആസ്തി ഒക്ടോബറിൽ 5,000 കോടി രൂപ എന്ന നാഴികക്കല്ല് പിന്നിട്ടത് തങ്ങളുടെ വളർച്ചയിലെ ഒരു സുപ്രധാന നേട്ടമാണ്. ഉത്തരവാദിത്തമുള്ള വായ്പാ വിതരണത്തിലും, രാജ്യത്തെ വളർന്നുവരുന്ന വിപണികളിലെ ഉപഭോക്താക്കൾക്ക് സുരക്ഷിതമായ വായ്പ പരിഹാരങ്ങൾ ലഭ്യമാക്കാനാണ് തങ്ങൾ നിരന്തരം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ സുസ്ഥിരമായ വളർച്ച, ഉപഭോക്താക്കൾ തങ്ങളിൽ അർപ്പിക്കുന്ന വിശ്വാസവും, തങ്ങൾ തുടർന്നും നൽകുന്ന മൂല്യത്തെയുമാണ് കാണിക്കുന്നതെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡിൻറെ മാനേജിംഗ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു.



# യുവാക്കളെ ശാക്തീകരിക്കുവാൻ ഐസിഎആർ– സി.ഐ.എഫ്.ടി

**കൊച്ചി:** ജോലിയില്ലായ്മ നേരിടുന്നവർക്കും പത്താം ക്ലാസ് പ്ലസ്ടു യോഗ്യതയുള്ള യുവാക്കൾക്കും തൊഴിൽ അവസരങ്ങളിലേക്ക് വഴികാട്ടുവാൻ അപ്രന്റിസ്ഷിപ്പ് അവബോധ ശിൽപശാല സംഘടിപ്പിച്ച് ഐസിഎആർ, സി.ഐ.എഫ്.ടി കൊച്ചി. സോണൽ ടെക്നോളജി മാനേജ്മെന്റ് & അഗ്രിബിസിനസ് ഇൻക്യൂബേഷൻ സെന്ററിന്റെയും സ്കിൽ ഡെവലപ്മെന്റ് & എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫുഡ് ഇൻഡസ്ട്രി കപ്പാസിറ്റി ആൻഡ് സ്കിൽ ഇനിഷ്യേറ്റീവിന്റെയും സഹകരണത്തോടെയാണ് 2025 നവംബർ 20ന് ശിൽപശാല സംഘടിപ്പിച്ചത്. ഈ ശില്പശാലയിൽ പങ്കെടുത്തവർക്ക് രാജ്യത്തെ നാഷണൽ അപ്രന്റിസ്ഷിപ്പ് പ്രമോഷൻ സ്കീം സംബന്ധിച്ച സമഗ്രമായ അറിവുകളും പ്രായോഗിക വിവരങ്ങളും ലഭിച്ചു.

ഉദ്ഘാടന സെഷനിൽ ZTMABI സെന്ററിലെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. സി.ഒ. മോഹൻ സ്വാഗതം അർപ്പിച്ചു. ഐസിഎആർ-സിഐഎഫ്റ്റി ഡയറക്ടർ ഇൻചാർജ് ഡോ. എം.പി. രമേശൻ അധ്യക്ഷത വഹിച്ച ചടങ്ങ്, സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ കേരള റീജിയൻ പ്രസിഡന്റായ എം.ആർ. പ്രേമചന്ദ്ര ഭട്ട് ഉദ്ഘാടനം ചെയ്തു. തൊഴിൽ സൃഷ്ടിക്കാനും വ്യവസായങ്ങൾക്ക് കഴിവുറ്റ മാനവശേഷി ഒരുക്കാനും അപ്രന്റിസ്ഷിപ്പ് പദ്ധതികൾ നിർണായകമാണെന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ വ്യക്തമാക്കി. മറൈൻ പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി ഡയറക്ടർ ഡോ. രാംമോഹൻ എം.കെ., എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസി ജോയിന്റ് ഡയറക്ടർ രവി ശങ്കർ, നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജർ ശ്രിജിത ദത്ത, യുവ ശക്തി ഫൗണ്ടേഷനിലെ രാജേഷ് കൃഷ്ണ രാജ് എന്നിവരുടെ വിദഗ്ധ പ്രഭാഷണങ്ങളും ശിൽപശാലയുടെ ഭാഗമായി നടന്നു. പരിപാടിയിൽ പങ്കാളികളായവർക്ക് അപ്രന്റിസ്ഷിപ്പ് രജിസ്ട്രേഷൻ, തൊഴിൽ ലഭ്യത, വ്യവസായ അഭിരുചികൾ എന്നിവയെക്കുറിച്ച് സംശയനിവാരണത്തിനുള്ള അവസരമൊരുക്കി സംവാദ സെഷൻ സംഘടിപ്പിച്ചു. ഇൻഡസ്ട്രീ അക്കാദമിക് സഹകരണത്തിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നത് വേഗത്തിലാക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് എഫ് ഐ സി എസ് ഐ യെ പ്രതിനിധീകരിച്ച് പങ്കെടുത്ത പ്രീതി ശർമ്മ നന്ദിപ്രകാശനത്തിൽ പറഞ്ഞു.

പത്താം ക്ലാസ് പ്ലസ്ടു യോഗ്യതയുള്ള തൊഴിലില്ലായ്മ നേരിടുന്ന യുവാക്കൾക്ക് ആവശ്യമായ തൊഴിൽ മാർഗനിർദ്ദേശവും ശേഷി വികസനവും നൽകിക്കൊണ്ട്, മത്സ്യവും ഫുഡ് പ്രോസസ്സിംഗ് മേഖലയും ഉൾപ്പെടുന്ന തൊഴിൽ രംഗങ്ങളിലേക്കുള്ള പുതിയ അവസരങ്ങൾ ഈ ശിൽപശാല തുറന്നുകൊടുക്കുന്നു.



# ഗ്രഹ സ്പേസിന്റെ ആദ്യ നാനോ സാറ്റലൈറ്റ് ദൗത്യം സോളാരാസ് എസ്2 വിക്ഷേപണം ബ്രസീലിൽ നിന്ന്

**ബാംഗ്ലൂർ:** ഇന്ത്യൻ സ്വകാര്യ ബഹിരാകാശ മേഖലയ്ക്ക് കരുത്തു പകരുന്ന നിർണായക ചുവടുവെപ്പിൽ, തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയിലെ (ഐഐഎസ്ടി) ഇൻക്യുബേഷൻ സെന്ററുമായി ചേർന്ന് പ്രവർത്തിക്കുന്ന ബാംഗ്ലൂർ ആസ്ഥാനമായുള്ള സ്പേസ്ടെക് സ്റ്റാർട്ടപ്പായ ഗ്രഹ സ്പേസ്, തങ്ങളുടെ ആദ്യ നാനോ സാറ്റലൈറ്റ് ദൗത്യമായ സോളാരാസ് എസ്2 ഈ മാസം അവസാനത്തോടെ വിക്ഷേപിക്കും. കൊറിയൻ കമ്പനിയായ ഇന്നോസ്പേസ് വികസിപ്പിച്ച ഹാൻബിറ്റ്നാനോ റോക്കറ്റ് ഉപയോഗിച്ച് ബ്രസീലിലെ അൽകാന്ററ സ്പേസ് സെന്ററിൽ നിന്നാണ് സാങ്കേതികവിദ്യ പ്രദർശനത്തിനായുള്ള ഈ വിക്ഷേപണം.

ഐഎസ്ആർഒ മുൻ ശാസ്ത്രജ്ഞനും, ഐബിഎം മുൻ ഉദ്യോഗസ്ഥനും ചേർന്ന് സ്ഥാപിച്ച ഗ്രഹ സ്പേസ്, ഭൂമിയുടെ നിരീക്ഷണ ഡാറ്റാ ആവശ്യത്തിനനുസരിച്ച് അതിവേഗം ലഭ്യമാക്കാൻ ലക്ഷ്യമിടുന്ന സ്ഥാപനമാണ്. വിസ്കൺ ഗ്രൂപ്പിന്റെ പിന്തുണയോടെയാണ് ഗ്രഹ സ്പേസ് പ്രവർത്തിക്കുന്നത്. ഇന്ത്യൻ നാഷണൽ സ്പേസ് പ്രൊമോഷൻ ആൻഡ് ഓതറൈസേഷൻ സെന്ററിൽ (ഇൻസ്പേസ്) നിന്ന് വിക്ഷേപണത്തിനുള്ള അനുമതി നേടിയിട്ടുണ്ട്.

# പ്രൊഫ. കെ. കെ. ജോർജ് മെമ്മോറിയൽ ലക്ചർ 2025 കുസാറ്റിൽ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശായിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസും, സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് & എൻവയൺമെന്റൽ സ്റ്റഡീസും ചേർന്ന് പ്രൊഫ. കെ. കെ. ജോർജ് മെമ്മോറിയൽ ലക്ചർ- 2025 കുസാറ്റ് സെമിനാർ കോംപ്ലക്സിൽ സംഘടിപ്പിച്ചു.

കേരള സർക്കാരിന്റെ മുൻ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ പ്രഭാഷണം നടത്തി.

പരിപാടിയിൽ സ്കൂൾ ഓഫ് മാനേജ്മന്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. സാം തോമസ് സ്വാഗതവും, ചെയർപേഴ്സൺ ഡോ. പി. കെ. മൈക്കൽ തരകൻ, ഡോ. രാഖീ തിമോത്തി എന്നിവർ സംസാരിച്ചു.

# മൈക്രോ ഇൻവസ്റ്റ്മെന്റ് ഫീച്ചറുമായി ആക്സിസ് മ്യൂച്വൽ ഫണ്ട്

**കൊച്ചി:** നിക്ഷേപ സ്കീമുകളുമായി ബന്ധപ്പെട്ടുള്ള ആശയക്കുഴപ്പങ്ങൾ ലഘൂകരിക്കാനും നിക്ഷേപം കൂടുതൽ ലളിതമാക്കാനും ലക്ഷ്യമിട്ട് ആക്സിസ് മ്യൂചൽ ഫണ്ട് മൈക്രോ ഇൻവെസ്റ്റ്മെന്റ് ഫീച്ചർ അവതരിപ്പിച്ചു. നിക്ഷേപത്തെക്കുറിച്ച് ജനങ്ങൾക്കിടയിലുള്ള അറിവില്ലായ്മ പരിഹരിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

100 രൂപ മുതൽ ആരംഭിക്കുന്ന സ്കീമാണ് ഇതിന്റെ പ്രത്യേകത. പുതിയ നിക്ഷേപകർക്ക് 1000 രൂപ മാത്രം ഉപയോഗിച്ച് 10 സ്കീമുകളിൽ നിക്ഷേപിക്കാനും അതിന്റെ പ്രകടനം നിരീക്ഷിക്കാനും വലിയ നഷ്ട ഭയമില്ലാതെ മാർക്കറ്റിന്റെ പ്രവർത്തനം മനസ്സിലാക്കാനും സാധിക്കും. കൂടാതെ റിസ്ക്, പ്രതീക്ഷിക്കാവുന്ന നേട്ടം, വൈവിധ്യം എന്നീ ആശയങ്ങൾ പ്രായോഗികമായി മനസ്സിലാക്കാനും സാമ്പത്തിക അറിവ് നേടാനും ഇതിലൂടെ സാധിക്കും.

ചെറുതിൽ നിന്ന് തുടങ്ങി വലിയ നിക്ഷേപങ്ങളിലേക്കാണ് മൈക്രോ ഇൻവെസ്റ്റ്മെന്റ് സ്കീം വഴിതെളിയിക്കുന്നത്. ആക്സിസ് മ്യൂചൽ ഫണ്ട് വെബ്സൈറ്റിലൂടെ നിക്ഷേപകർക്ക് വിവിധ സ്കീമുകൾ പരിശോധിക്കാനും പോർട്ട്ഫോളിയോ വൈവിധ്യമാക്കാനും നിക്ഷേപത്തിന്റെ അടിസ്ഥാനങ്ങൾ പഠിക്കാനും സാധിക്കും. പ്രതിമാസമായുള്ള എസ്ഐപി നിക്ഷേപങ്ങൾക്കായിരിക്കും ഈ ഫീച്ചറുകൾ ലഭിക്കുക.



# ആരോഗ്യരംഗത്ത് ആദ്യമായി എഐ അധിഷ്ഠിത വൈകാരിക വിലയിരുത്തൽ അവതരിപ്പിച്ച് ജെഹാംഗിർ വെൽനസ് സെന്റർ

**പൂനെ:** ആരോഗ്യ പരിപാലനത്തിന് എഐ അധിഷ്ഠിത വൈകാരിക വിലയിരുത്തലുകൾ ആദ്യമായി സംയോജിപ്പിച്ച സ്ഥാപനമായി പൂനെ ആസ്ഥാനമായ ജെഹാംഗിർ വെൽനസ് സെന്റർ (ജെഡബ്ല്യുസി). ജെഡബ്ല്യുസിയിൽ എത്തുന്ന ഓരോ വ്യക്തിക്കും ഇനി 60 സെക്കൻഡിനുള്ളിൽ ഈ കോൺടാക്റ്റ്ലെസ് സാങ്കേതികവിദ്യ വഴി വൈകാരിക വിലയിരുത്തൽ നടത്താനാകും. നവരസങ്ങൾ ഉൾപ്പെടെയുള്ള ഒമ്പത് അടിസ്ഥാന വികാരങ്ങളുടെ തീവ്രതയാണ് ഇമോസ്കേപ്പ് അളക്കുന്നത്. ഈ വൈകാരിക പാറ്റേണുകൾ ശാരീരിക ആരോഗ്യ സൂചകങ്ങളുമായി താരതമ്യം ചെയ്ത്, രോഗശാന്തിപ്രക്രിയയിലോ ശാരീരിക ലക്ഷണങ്ങളിലോ വൈകാരിക ഘടകങ്ങൾ എങ്ങനെ സ്വാധീനം ചെലുത്തുന്നു എന്നതിനെക്കുറിച്ച് പുതിയ ഉൾക്കാഴ്ചകൾ നൽകുന്നു.

നിഹിലെന്റ് വികസിപ്പിച്ച മെഡിക്കൽ ഗ്രേഡ് 'ഇമോസ്കേപ്പ്' എന്ന എഐ പ്ലാറ്റ്ഫോമുമായി സഹകരിച്ചാണ് ശാരീരികവും വൈകാരികവുമായ ആരോഗ്യത്തെ സമന്വയിപ്പിക്കുന്ന ഈ സുപ്രധാന ചുവടുവയ്പ്. ഇത് പ്രതിരോധ ആരോഗ്യപരിപാലനത്തിൽ ഇന്ത്യയെ മുൻനിരയിൽ എത്തിക്കുന്നു. വൈകാരിക ആരോഗ്യം ചികിത്സാ പ്രക്രിയയിലെ ഒരു പ്രധാന ഘടകമായി മാറുന്ന ഒരു പുരോഗമനപരമായ ആരോഗ്യ പരിപാലന മാതൃകയാണ് ജെഡബ്ല്യു ഇതിലൂടെ അവതരിപ്പിക്കുന്നത്.

# കയറ്റുമതി മേഖലയ്ക്ക് ക്രെഡിറ്റ് ഗ്യാരന്റി സ്കീം

**കൊച്ചി:** ആഗോള വ്യാപാര അനിശ്ചിതത്വങ്ങൾക്കിടയിലും കയറ്റുമതി മേഖലയെ ശക്തിപ്പെടുത്താൻ പര്യാപ്തമായ പദ്ധതിയാണ് കയറ്റുമതി വ്യാപാരികൾക്കുള്ള പുതിയ ക്രെഡിറ്റ് ഗ്യാരന്റി സ്കീമെന്ന് കേന്ദ്ര ധനവകുപ്പ് സെക്രട്ടറി എം നാഗരാജു പറഞ്ഞു. 'ഏഷ്യ പസഫിക് മേഖലയിലെ സമഗ്ര സാമ്പത്തിക വികസനത്തിനുള്ള കാഴ്ചപ്പാടുകൾ' എന്ന വിഷയത്തിൽ എക്സിം ബാങ്ക് കൊച്ചിയിൽ സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എംഎസ്എംഇകൾ, ചെറുകിട കയറ്റുമതിക്കാർ, തൊഴിലധിഷ്ഠിത മേഖലകൾ എന്നിവയിലുൾപ്പെടെ മത്സരക്ഷമത വർധിപ്പിക്കുകയാണ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. കയറ്റുമതിക്കാർക്കും എം.എസ്.എം.ഇകൾക്കും 100% വായ്പാ ഗ്യാരന്റിയാണ് സ്കീമിലുള്ളത്.

കൂടാതെ ധനകാര്യസ്ഥാപനങ്ങൾ മുഖേന 20000 കോടി രൂപയുടെ അധിക സാമ്പത്തിക സഹായവും നൽകും. ആഗോള വിപണി ലക്ഷ്യമിട്ട് ചെറുകിട സംരംഭകർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകാനും ഏഷ്യ പസഫിക് മേഖലയിൽ തൊഴിലധിഷ്ഠിത പങ്കാളിത്തം വർധിപ്പിക്കാനും ഒരുപോലെ സഹായിക്കുന്നതാണ് പദ്ധതിയെന്നും എം. നാഗരാജു പറഞ്ഞു. പലവിധ കാരണങ്ങളാൽ പ്രതിസന്ധിയിലായ കയറ്റുമതി മേഖലയെ ഉത്തേജിപ്പിക്കുന്നതിന് 25,060 കോടി രൂപ ചെലവിൽ കയറ്റുമതി പ്രോത്സാഹന മിഷന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയിരുന്നു. രാജ്യത്തെ കയറ്റുമതി വ്യാപാരമേഖലയ്ക്ക് ശക്തമായ അടിത്തറ നൽകുകയാണ് വിവിധ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നതെന്നും എം. നാഗരാജു പറഞ്ഞു.

കേരളത്തിന്റെ കയറ്റുമതി പ്രോത്സാഹന നയം 2025നെക്കുറിച്ച് സെമിനാറിൽ പങ്കെടുത്ത സംസ്ഥാന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് വിശദീകരിച്ചു. എക്സിം ബാങ്ക് മാനേജിങ് ഡയറക്ടർ ഹർഷ ബാംഗാരി, വിവിധ രാജ്യങ്ങളിലെ എക്സിം ബാങ്ക് പ്രതിനിധികൾ, വ്യവസായ പ്രമുഖർ, കയറ്റുമതി വ്യാപാരികൾ എന്നിവർ സെമിനാറിൽ പങ്കെടുത്തു.







RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com